# കാഴ്ച്ച

## ഡിജിറ്റൽ മാഗസിൻ



# ലിറ്റിൽ കൈറ്റ്സ്

## ഗവ.എച്ച്.എസ്.കുടവൂർകോണം

കണ്ണിലൂടക്കി നീറ്റിയ  കാഴ്ചകളാണ്
ലോകത്തെ മാറ്റിമറിക്കുന്നത്



# ഉള്ളടക്കം


| | |
|---|---|
| കവിത | പേജ് |
| പരിണാമം | **04** |
| മരം പറഞ്ഞത് | **05** |
| നിറം | **06** |
| പോരാട്ടം | **07** |
| വര | **8-9** |
| കഥ | |
| ഒറ്റ് | **10** |
| കടങ്കഥ,പഴഞ്ചൊല്ല് | **11-12** |
| മഹദ് വചനങ്ങള് | **13** |

# പരിണാമം

പണ്ടവൾ പൂജിതയായിരുന്നു
കുടുബത്തിൽ വിളക്കായിരുന്നു
അവൾ തൻ നെഞ്ചിലെയമൃതം
കുടിച്ചവർ അമ്മയെന്നു വിളിച്ചാനന്ദംകൊണ്ടിരുന്നു
ഇന്നവൾ വഴിയാത്രക്കരന്റെ കൈയ്യിലെ
കളിപ്പാവകളായി തീർന്നിരിക്കുന്നു
അവൾ തൻ നെഞ്ചകം തകർക്കുന്ന
കാട്ടാളവർഗത്തെ കാണുന്നു ഞാൻ
നാളെയവൾ വിദേശ നാണ്യം നേടിത്തരും
വിൽപ്പന ചരക്കായി മാറാം
എക്സ്പോർട്ട് ചെയ്യാൻ കാത്തുനിൽക്കുന്ന
പുത്തക മുതലാളിമാരുടെ കൊലച്ചി കാണുന്നു ഞാൻ........

സച്ചിൻ സന്തോഷ്
ക്ലാസ് - 9

# മരം പറഞ്ഞത്

ഒരു വട്ടം കൂടി ഭൂമിയിലേയ്ക്ക് പോകണം
ആ മണ്ണിൽ ആഴത്തിൽ വേരോടണം
കുഞ്ഞുങ്ങൾക്ക് കനിയാവണം
മർത്യന് തണലാകണം
മഴുവിൻ മുനയേറ്റ്
ശാപമോഷം കാത്തുകിടക്കണം
ഉയർത്തെഴുന്നേൽപ്പിനായി
പുണ്യം കാത്ത് കാത്ത് കിടക്കണം.

അഭിഷേക്
ക്ലാസ് -9

# നിറം

രാവിന്റെ നിറം പോരെന്ന് വിലപിച്ച്
പ്രഭാതത്തെ കാത്തിരുന്നു
പ്രഭാതത്തിന് വെളിച്ചമില്ലന്ന് പറഞ്ഞു
ഉച്ചനേരത്തെ കാത്തിരുന്നു
ഒടുവിൽ നിഴൽ മങ്ങി
കറുത്തരാത്രി വീണ്ടുമെത്തി
തനിയാവർത്തനം സഹിക്കാനാവാതെ
മരണത്തെ വരിച്ചു ഞാൻ.......

സച്ചു
ക്ലാസ് - 9

# പോരാട്ടം

അവർ പോരാടി
രക്തം ചീന്തിയെറിഞ്ഞു
ചോരയുടെ നിറം ചുവപ്പെന്നൊരുവൻ
കറുപ്പെന്ന് മറ്റൊരുവൻ
തർക്കം മൂത്ത് വീണ്ടും പോരാടി
ഇരുവരും കാലം ചെയ്തുപക്ഷേ!തർക്കമിപ്പോഴും തുടരുന്നു!!!

ദേവിക
ക്ലാസ് - 9



വിഷ്ണു
ക്ലാസ് - 9



ലാൽ
ക്ലാസ് - 9

# ഒറ്റ്

## കഥ

വയൽ കിളികളുടെ ശബ്ദ്ം കേട്ടാണ് രവി ഉണര്ന്നത്
പതിവുപോലെ കുട്ടികളോടൊപ്പംപ്രഭാതനടത്തതിന് ഇറങ്ങിയത്
ഒപ്പം കേളുവേട്ടനും കൂടി വഴിയരികിലെ ചെറുതോട്ടിൽ
പരൽ മീനുകള് കുട്ടികള്ക്ക് ഉൽസാഹം നൽകി
കൊറ്റിയും പൊന്മാനും കുശലം ചോദിച്ചു
പെട്ടെന്നൊരു ശബ്ദ്ം കേട്ട് രവി ഞട്ടിവിറച്ചു.മൂന്നാം നിലയിലെ
ഫ്ലാറ്റിന്റെ ജനലിലൂടെ നോക്കുബോള് ഇറച്ചിക്കടയിൽ ആളുകള്
ക്യൂ നിൽക്കുന്നുണ്ടായിരുന്നു

സച്ചിന് സന്തോഷ്
ക്ലാസ്- **9**

# പഴഞ്ചൊല്ല്

1. അകത്തു കത്തിയും പുറത്ത് പത്തിയും
2. അകലേ ഉഴുത് പകലേ പോരുക
3. അക്കച്ചി ഉടമ അരി, തങ്കച്ചി ഉടമ
4. അക്കരെ മാവിലോൻ കെണിവെച്ചതിന് എന്നോടോക്കുരാട്ടുന്നു
5. അകലേ പോകുന്നവനെ അരികിൽ വിളിച്ചാൽ അരയ്ക്കാത്തൂട്ട് ചേതം

# കടങ്കഥ

- ഞെട്ടില്ലാ വട്ടയില – പപ്പടം
- കാളകിടക്കും കയറോടും - മത്തൻ
- അരിവയ്ക്കും മുമ്പേ കറിവയ്ക്കും - ചീര
- മുറ്റത്തെ ചെപ്പിനടപ്പില്ല – കിണര്
- വെള്ളക്കിണ്ണത്തില് കറുത്തമുന്തിരി - കണ്ണ്

. ഓടും കുതിര ചാടും കുതിര വെള്ളം കണ്ടാല് നില്ക്കും കുതിര - ചെരുപ്പ്

- കില്ലു കില്ലുക്കും കിക്കില്ലുക്കും ഉത്തരത്തില് ചത്തിരിക്കും - താക്കോല്
- ഒരമ്മ പെറ്റ മക്കളല്ലാം തൊപ്പിക്കാര് - അടയ്ക്ക
- അമ്മയെ ഉമ്മവച്ച് മക്കളെല്ലാം മരിച്ചു - തീപ്പെട്ടി

# <u>മഹത് വചനം</u>

- വിജയത്തിന് മധുരമുണ്ടാകാന് വേണ്ടിവരുന്ന പ്രയാസങ്ങള് മധുരമുള്ളതാണ്

എ.പി.ജെ അബ്ദുള് കലാം

- എന്റെ ജീവിതമാണ് എന്റെ സന്ദേശം

ഗാന്ധിജി

- വായിച്ചു വളരുക ചിന്തിച്ച് വിവേകം നേടുക

പി.എന്.പണിക്കര്

- നിങ്ങള് എനിക്ക് രക്തം തരൂ ഞാന് നിങ്ങള്ക്ക് സ്വാതന്ത്ര്യം തരാം

സുബാഷ് ചന്ദ്രബോസ്

- വിപ്ലവം ജയിക്കട്ടെ

ജയപ്രകാശ്

- വിപ്ലവം തോക്കിന് കുഴലിലൂടെ

മാവോസെ തുങ്ങ്

- കാളയെപ്പോലെ പണയെടുക്കൂ മനുഷ്യനെപ്പോലെ ജീവക്കൂ

ഡോ. അംബേദ്ക്കര്

- എനിക്കൊരേയൊരു കള്ച്ചറേയറിയാവൂ അത് അഗ്രിക്കള്ച്ചര്

സര്ദാര് വല്ലഭായി പട്ടേൽ

- സ്യതന്ത്രം എന്റെ ജന്മാവകാശമാണ് ഞാനത് നേടുകതന്നെചെയ്യും

ബാലഗംഗാധരതിലക്